**കണ്ണൂർ സർവ്വകലാശാല**

**റിസർച്ച് ഡയറക്ടറേറ്റ്**

---

**നമ്പർ. റിസർച്ച്/സി 1/726/2020** Kannurതീയതി: 10.03.2020

**<u>സർക്കുലർ</u>**

വിഷയം:- പി എച്ച് ഡി - ഗവേഷണ കേന്ദ്രങ്ങൾ - സർവകലാശാല ഇൻറ്റേണൽ ഓഡിറ്റ് വിഭാഗം നടത്തിയ പരിശോധന റിപ്പോർട്ട് - നിർദേശങ്ങൾ - പാലിക്കുന്നത് - സംബന്ധിച്ച് -

സൂചന :- 12.02 .2020 തിയ്യതിയിലെ നം . ഫിൻ / ഐ എ 1. 2 / പി വൈ എൻ ആർ / 2017-18(VII) അനൗദ്യോഗിക കുറിപ്പ്.

--------------------------------------------

സർവകലാശാല ധനകാര്യ ഇൻറ്റേണൽ ഓഡിറ്റ് വിഭാഗം വിവിധ പഠന വകുപ്പുകളിൽ/ ഗവേഷണ കേന്ദ്രങ്ങളിൽ നടത്തിയ പരിശോധനയിൽ പി എച്ച് ഡി യുമായി ബന്ധപെട്ടു പല അപാകതകളും കണ്ടെത്തിയതായി അറിയിച്ചിട്ടുണ്ട്. അതിൻ പ്രകാരം താഴെ പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു..

1. എല്ലാ ഗവേഷണ വകുപ്പ് തലവൻമാരും അവരുടെ കീഴിലുള്ള ഗവേഷണ വിദ്യാർത്ഥികൾ സമയ ബന്ധിതമായി കോഷൻ ഡെപ്പോസിറ്റ്, കോഴ്സ് വർക്ക് ഫീസ്, ടെം(Term) ഫീസ് എന്നിവ അടക്കുന്നുണ്ടെന്നു പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്

2. മേൽ ഫീസുകൾ അടച്ചതിന്റെ വിശദാംശങ്ങൾ കോഷൻ ഡെപ്പോസിറ്റ് രജിസ്റ്റർ, ഫീസ് രജിസ്റ്റർ എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തി ചലാൻ സഹിതം സൂക്ഷിക്കുകയും സർവ്വകലാശാല ഫണ്ടിലേക്ക് ഒടുക്കേണ്ട തുക സമയബന്ധിതമായി ഒടുക്കക്കേണ്ടതുമാണ്.

3 . ഗവേഷണ കേന്ദ്രത്തിലെ ഗവേഷകരെ സംബന്ധിച്ചു കൃത്യമായ വിവരം രജിസ്റ്ററായി സൂക്ഷിക്കേണ്ടതാണ്.

4 . ഫീസ് ഒടുക്കിയതിന്റെ കൃത്യമായ വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ ചേർക്കേണ്ടതും ടി വിവരങ്ങൾ പരിശോധിച്ചു ഡി സി ബി തയ്യാറാക്കി സർവകലാശാലയിൽ അറിയിക്കേണ്ടതുമാണ്

5 . ഗവേഷണ വിദ്യാർത്ഥികളിൽ നിന്നും ഈടാക്കുന്ന കോഴ്സ് വർക്ക് ഫീസ് തുക സർവകലാശാല അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്,

6 . ഗവേഷണം കഴിഞ്ഞിട്ടും ഒരു വർഷത്തിനുള്ളിൽ തിരികെ വാങ്ങാത്ത കോഷൻ ഡെപ്പോസിറ്റ് തുക സർവകലാശാല അക്കൗണ്ടിലേക്കു അടക്കേണ്ടതാണ്.

മേൽ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്നു അറിയിക്കുന്നു .

*ഒപ്പ്/-*

Prof. (Dr) K Sreejith

ഡയറക്ടർ (ആർ. ഡി)

സ്വീകർത്താവ്:

ഗവേഷണ വകുപ്പ് തലവൻമാർ

പകർപ്പ്:

1 ധനകാര്യ-Internal Audit വിഭാഗം

2 .കമ്പ്യൂട്ടർ പ്രോഗ്രാമർ - സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ